പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 362 — 27.02.2017 -ൽ മറുപടിക്ക്.

**പൊതുമേഖലാ എണ്ണ കമ്പനികളുടെ പമ്പുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ജനങ്ങൾക്ക് എണ്ണ വിൽപ്പന നടത്തി ലാഭം കൊയ്യുന്ന വിവിധ പൊതുമേഖലാ എണ്ണ കമ്പനികളുടെ പമ്പുകൾ നിയമപ്രകാരം ഉപഭോക്താവിന് സൗജന്യമായി ലഭ്യമാക്കേണ്ട വായു, ജലം തുടങ്ങിയവ ലഭ്യമാക്കുന്നുണ്ടോ; | (എ) | നിയമപ്രകാരം ഉപഭോക്താവിന് സൗജന്യമായി ലഭ്യമാക്കേണ്ട വായു, ജലം തുടങ്ങിയവ എല്ലാ എണ്ണക്കമ്പനികളുടെയും പമ്പുകളിൽ ലഭ്യമാക്കുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |
| (ബി) നിയമം പാലിച്ച് കൊണ്ട് പേരിന് ലഭ്യമാണെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 90% പമ്പുകളിലും യഥാർത്ഥത്തിൽ ഇവ ഉപഭോക്താവിന് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്ന കാര്യം സർക്കാർ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;<br>(സി) ഇവയുടെ ലഭ്യത ഉറപ്പാക്കാൻ സർക്കാർ 31.01.2017-വരെ എന്തെല്ലാം നടപടികൾ എടുത്തു എന്ന് അറിയിക്കാമോ ;<br>(ഡി) വ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും രാത്രി കാലങ്ങളിൽ ഇവ തീരെ ലഭ്യമാകാത്ത സ്ഥിതി നിലനിൽക്കുന്ന സാഹചര്യത്തിൽ ഇതിനായുള്ള പരിശോധനകൾ കർശനമാക്കുമോ ? | (ബി), (സി) & (ഡി) | എണ്ണക്കമ്പനികളും, പെട്രോൾ പമ്പ് ഉടമസ്ഥരും തമ്മിലുള്ള ഉടമ്പടി പ്രകാരം എല്ലാ പമ്പുകളിലും മേൽപ്പറഞ്ഞ സൗകര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടെന്നും ടി സൗകര്യങ്ങൾ പെട്രോൾ പമ്പുകളിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട എണ്ണക്കമ്പനികൾ കാലാനുസൃതമായി പമ്പുകളിൽ പരിശോധന നടത്താറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സൗകര്യങ്ങൾ എല്ലാ പമ്പുകളിലും ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് 06.10.2016 ലെ 877595/ഡി3/2016/ഭ.പൊ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ